**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3886**

**15/03/2017 ൽ മറുപടിയ്ക്ക്**

## ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ യൂണിറ്റുകൾ

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി

**ഉത്തരം**

എ.സി.മൊയ്തീൻ
( വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ഏതെല്ലാം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും എവിടെയെല്ലാം ഖാദി ബോർഡിന് സ്വന്തമായി സ്ഥലം ഉണ്ട് എന്നും അറിയിക്കാമോ ; | (എ) | ചാലക്കുടി മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ കനകമലയിൽ ഒരു നൂല്പ് നെയ്ത്ത് കേന്ദ്രവും പേരാമ്പ്രയിൽ ഒരു നൂൽപ് കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇതല്ലാതെ മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ സ്വന്തമായി സ്ഥലങ്ങൾ ഒന്നും തന്നെയില്ല. |
| (ബി) | ചാലക്കുടി മണ്ഡലത്തിലെ പരിയാരത്ത് ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനുയോജ്യമായ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ചാലക്കുടി മണ്ഡലത്തിലെ പരിയാരത്ത് പരിയാരം ഖാദി പ്രൊഡ്യൂസേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി CIND(R)99 എന്നൊരു സ്ഥാപനം ഉണ്ടായിരുന്നു. ആയത് ഇപ്പോൾ സമാപ്തീ കരണം കഴിഞ്ഞ് ഖാദി ബോർഡിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി നടന്നു കൊണ്ടിരിക്കുന്നു. ആയതിന് ശേഷം മാത്രമേ ഉല്പാദന വിപണന യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ